The bread from the heaven
ഇത് യഹോവ നിങ്ങൾക്ക് ഭക്ഷിപ്പാൻ തന്ന ആഹാരം (പുറ :16:15)
ആർക്ക് ആരാണ് നൽകിയത് ഈ ആഹാരം ?

-യഹോവ, മരുഭൂമിയിലെ യിസ്രായേലിന് നൽകിയ ആഹാരം (പുറ : 16:15)

മരുഭൂമിയിലെ യിസ്രായേലിന്റെ പ്രത്യേകത എന്ത്?
പകലും രാവും യാത്രചെയ്യാൻ തക്കവണ്ണം യഹോവ അവർക്ക് മുമ്പായിപോയി. (പുറ :13:21,22)
മരുഭൂവാസികൾക്ക് താല്ക്കാലിക ഭവനമാണ് - കൂടാരം ( tent)
(ഈ ലോകഭൂയാത്രയിൽനാമും മരുഭൂയാത്രക്കാരാണ്. അതിനാൽ നാം കൂടാരവാസികളാണ്)
മരുഭൂമിയിലെ യിസ്രായേലിന് യഹോവ കൂടെയുള്ളതുപോലെ , നമ്മോടൊപ്പവും കൂടാരത്തിൽ അവൻ ഉണ്ടാകണമെങ്കിൽ നാം എങ്ങനെയുള്ളവരാകണം. ?
സങ്കീർത്തനം (15) ൽ എങ്ങനെയുള്ളവരാണ് കൂടാരത്തിൽ പാർക്കുന്നത് അഥവാ കൂടാരവാസികളുടെ പത്ത് ഗുണങ്ങൾ എന്തെല്ലാമെന്ന് രേഖപ്പെടുത്തിയത് ശ്രദ്ധിക്കുക.
മിസ്രേം പൂർണ്ണമായി വിട്ട് - കനാൻ ലക്ഷ്യമാക്കി യാത്ര മുൻപോട്ടുപോകണം.
പഴയനിയമ യിസ്രയേൽ യഹോവ മിസ്രേമിനോട് യുദ്ധം ചെയ്തതുകണ്ടു, ഉണങ്ങിയ നിലത്തുകൂടി നടത്തിയതു മാത്രമല്ല (പുറ 14 : 29)
മാറായെ മധുരമാക്കി നൽകിയതും കണ്ടവരാണ്. എന്നിട്ടും പിറുപിറുത്ത രണ്ട് അവസരങ്ങൾ

(പുറ (14:12), (15:24)

(ദൈവീക കരുതലും , സംരക്ഷണവും അനുഭവിച്ചിട്ടും നാമും പിറുപിറുക്കുന്നവരാണോ?

ഒരു തിരിഞ്ഞുനോട്ടം അനിവാര്യമാണ്)

ചെങ്കടലിൽ നിന്ന് പ്രയാണം ചെയ്യിച്ച്, ശൂർമരുഭൂമിയിലെത്തിമാറായുടെ നന്മ അനുഭവിച്ചിട്ടും വീണ്ടും യിസ്രായേൽ ജനം പിറുപിറുക്കുന്നവരായി. (പുറ: 16:2)യിസ്രായേൽ വിട്ടുപോന്ന ഇടമാണ് മിസ്രേം (ലോകത്തിന്റെ പ്രതീകം) . മാറായിൽ മരണത്തിന്റെ കയ്പ്പുമാറി പുനരുത്ഥാനത്തിന്റെ മഹത്വം കണ്ടു. ജഡമോഹം , കൺമോഹം , ജീവനത്തിന്റെ പ്രതാപം ഇവ നമ്മുടെ ജീവിതം കയ്പ്പിക്കുന്നു. യേശുക്രിസ്തു ആകുന്ന വൃക്ഷക്കൊമ്പ് ഇട്ടാലേ ജീവിതം മധുരതരമാകൂ. പുറ :15:25)

(അവിടെ വച്ച് അവർക്ക് ഒരു ചട്ടവും പ്രമാണവും നല്കി. (പുറ: 15:26). ഈ പ്രമാണങ്ങൾ അനുസരിക്കുന്നവർക്ക് ലഭിക്കും എന്ന് അരുളിചെയ്ത വാഗ്ദത്തം നമുക്കും പ്രാപ്യമാണ്)

മൂന്നാം പ്രാവശ്യം യിസ്രായേൽ ജനം പിറുപിറുക്കുമ്പോൾ അവർ ഏലിമിനും,സീനായ്ക്കും മദ്ധ്യേയുള്ള സീൻമരുഭൂമിയിലായിരുന്നു.

ഏലീം- സ്വർഗ്ഗീയ ശുശ്രൂഷ അവർക്കു പ്രദാനം ചെയ്ത ഉന്മേഷത്തിന്റെ ഉറവുകളുടെ അനുഗ്രഹം പ്രാപിച്ച സ്ഥലമാണ്. ഇവിടെ പന്ത്രണ്ട് നീരുറവും, എഴുപത് ഈത്തപ്പനയും ദൈവം കരുതിയിരുന്നു. (പുറ: 15:27)
സീനായ് പർവ്വതം - പ്രമാണങ്ങൾ ദൈവം മോശയെ ഏൽപ്പിച്ച സ്ഥലം.

ചെങ്കടലിൽ നടത്തിയവനെ സ്തുതിച്ച ഈ കൂടാരവാസികൾ , മിസ്രേമിൽ അടിമത്വം അനുഭവിക്കുന്നതിനേക്കാൾ , വിമോചിതരായി ദൈവത്തോടൊപ്പം കഴിയുന്നത് നന്നെന്ന് ചിന്തിച്ചില്ല. സാത്താനിൽ ഊറ്റം കൊണ്ടതിനാലാണ് മിസ്രേമിലെ ഇറച്ചിക്കലങ്ങളുടെ മഹത്വം പറഞ്ഞത്. (പുറ:16:3) എന്നിട്ടും വിളിച്ചവൻ വിശ്വസ്തനാകയാൽ ആ സ്നേഹനിധിയുടെ വാക്കുകൾ ശ്രദ്ധിക്കുക. (പുറ: 16:4)

## “ I will raindown bread from heaven for you”

ദൈവം അത്ഭുതകരമായി നൽകിയ അത്ഭുതമായ ആഹാരമാണിത്. (പുറ 16:14,31)
യിസ്രായേല്യർ അതിനിട്ട പേരാണ് - മന്ന. സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്ന സാക്ഷാൽ അപ്പം ആയ ക്രിസ്തുവിന്റെ നിഴലാണ് മന്ന. (യോഹ : 6:12,33,51,58)
ലോകമനുഷ്യന് (മിസ്രേമ) ചിന്തകൾ വിടാത്തവന് ഒരിക്കലും അതിന്റെ (സ്വർഗ്ഗീയ ഭക്ഷണം)

മൂല്യം മനസ്സിലാക്കുവാൻ കഴിയുകയില്ല . മരുഭൂമിയിലെ യിസ്രായേൽ മിസ്രേമ്യ വലയത്തിൽ നിന്ന് സ്വതന്ത്രരാകണം.

മിസ്രേം പിന്നിലും കനാൻ മുന്നിലുമാകണം

<u>**സ്വർഗ്ഗീയമന്ന (ക്രിസ്തുവിന്റെ നിഴൽ) സ്വീകരിക്കുന്നവർക്കുള്ള ചില പ്രമാണങ്ങൾ**</u>

1. അതിരാവിലെ ഭക്ഷിക്കണം (പുറ: 16:15,12,21)
2. അവനവന് ഭക്ഷഇക്കാവുന്നത് പെറുക്കണം. ദൈവം തന്ന അളവ് മറക്കരുത് (പുറ: 16:16,18)
3. പ്രഭാതത്തിൽ ലഭിക്കുന്ന ഭക്ഷണം വെയിലാറും മുമ്പ് പെറുക്കണം (പുറ: 16:14,21)

(അതിരാവിലെ (പ്രഭാതയാമത്തിൽ ) യഹോവയുടെ തേജസ്സു കാണും (പുറ: 16:6)എന്നതിനാൽ അന്നത്തേക്കാവശ്യമായ ആത്മീയ ഭക്ഷണം പെറുക്കാനായി കൂടാരവാസികൾ കുടുംബമായി ദൈവസന്നിധിയിലിരിക്കുവാൻ ശ്രമിക്കണം. വെയിൽ മൂത്താൽ (ലോകം ഉണർന്ന് പ്രവർത്തനോൻമുഖമായാൽ) പെറുക്കാൻ കഴിയുകയില്ല.

<u>**മഞ്ഞ്-**</u> വെയിലിന്റെ ചൂടിൽ ഉരുകിപോകും .പരിശുദ്ധാത്മാവോടു ചേർന്ന് പ്രഭാതത്തിൽ പെറുക്കിയ വചനം മാത്രമേ നമ്മെ ബലപ്പെടുത്തുകയുള്ളൂ.

4. ആറു ദിവസവും അതതു ദിവസത്തേക്ക് പെറുക്കുക (പ്രഭാതത്തിൽ അന്നന്നത്തേക്കാവശ്യമായ ആരോഗ്യം ,കാവൽ, കരുതൽ, ആശ്വാസം , ധൈര്യം , വിടുതൽ എല്ലാം ഈ ഭക്ഷണം നമുക്കു തരും- പ്രഭാത പ്രാർത്ഥന കുടുംബമായിട്ടുള്ളത് മുടക്കരുത്. ഓർക്കുക വെയിൽ മൂക്കുമ്പോഴല്ല പെറുക്കേണ്ടത് ) എന്നാൽ ആറാം ദിവസം പെറുക്കുന്നത് ഇരട്ടിയാക്കും കാരണം എന്ത്? (പുറ: 16:5,23,30)
5. പെറുക്കുന്ന മന്ന ഭക്ഷിക്കുന്നവനുണ്ടാകുന്ന പ്രയോജനം (നെഹ : 9:20,21)

(ഏത് കാലാവസ്ഥയ്ക്കും , ഏത് പ്രായക്കാർക്കും ഏത് ഇഷ്ടക്കാർക്കും ചേർന്ന രുചിയിൽ , ഗുണത്തിൽ രോഗപ്രതിരോധ ശക്തിയോടെ പ്രഭാതത്തിൽ ലഭിക്കുന്ന ഈ ആഹാരം പെറുക്കുവാൻ <u>"മരുഭൂമിയിലെ യിസ്രായേലാകുക"</u>

ജനം ന്യായപ്രമാണം അനുസരിക്കുമോ ഇല്ലയോ എന്ന് ഞാൻ പരീക്ഷിക്കും എന്ന് മോശയോട് അരുളിചെയ്ത കർത്താവ് കണ്ടത് അനുസരിക്കാത്തവരുടെ ചിലരുടെ അവസ്ഥയാണ് (പുറ: 16:20,27)

(നാം അനുസരിക്കുന്നവരാകുമോ ? ഓർക്കുക അനുസരിച്ചവരേ ദൈവമഹത്വം കാണുകയുള്ളൂ.)

ഒരു മിസ്രയീമ്യന് ഒരിക്കലും വിലമതിക്കുവാനോ അതുകൊണ്ട് ഉപജീവിക്കുവാനോ ഈ അപ്പത്താൽ കഴിയുകയില്ല എന്നാൽ "മേഘത്തിലും സമുദ്രത്തിലും സ്നാനിതരായവർക്ക് , സ്നാനത്തിന് അനുയോജ്യമായ ജീവിത സ്ഥിരത പാലിക്കുന്നുവെങ്കിൽ , ഈ സ്വർഗ്ഗീയഭോജനം ആസ്വദിക്കുകയും , അതിൽ പുഷ്ടിപ്രാപിക്കുകയും ചെയ്യാം. മരുഭൂമിയിലെ മണൽത്തരികളാൽ ദോഷം സംഭവിക്കാതെ മഞ്ഞിൽ പൊതിഞ്ഞു തരുന്നതാണ് പ്രഭാതത്തിലെ ഈ ഭക്ഷണം.

<u>**മന്നയും, ക്രിസ്തുവും തമ്മിലുള്ള ഒരു താരതമ്യ പഠനം**</u>

| | | | | |
|---|---|---|---|---|
| 1. | മന്ന | - | ആകാശത്തു നിന്ന് | (പുറ :16:4) (യോഹ : 6:31) |
| | ക്രിസ്തു | - | സ്വർഗ്ഗത്തിൽ നിന്നുളളവൻ | (യോഹ :6:35) |
| 2. | മന്ന | - | മഞ്ഞിൽ ഉല്പാദിച്ചു | (പുറ: 16:14) |
| | ക്രിസ്തു | - | പരിശുദ്ധാത്മാവാൻ ഉല്പാദിപ്പിക്കപ്പെട്ടു | (മത്താ :1:20) |
| 3. | മന്ന | - | ചെറിയത് | (പുറ: 16:14) |
| | ക്രിസ്തു | - | ചെറിയവൻ | (മത്താ : 25:45) |
| 4. | മന്ന | - | നിലത്തു കിടന്നു | (പുറ:16:14) |
| | ക്രിസ്തു | - | പശുത്തൊട്ടിയിൽ | ലൂക്കോ:(2:12) |
| 5. | മന്ന | - | രുചിയുള്ളത് | പുറ:(16:31) |
| | ക്രിസ്തു | - | മാധുര്യമുള്ളവൻ | (ഉത്ത : 5:16) |
| 6. | മന്ന | - | ഇതെന്ത് മർമ്മം | പുറ:(16:15) |
| | ക്രിസ്തു | - | ദൈവമർമ്മം | (കൊലോ : 2:2) |

പ്രീയരേ ! നമ്മുടെ പതിവായ ആഹാരം ക്രിസ്തുവായിരിക്കട്ടെ. അതികാലത്തേ തയ്യാറാവുക. മഞ്ഞുതിള്ളികളിൻമേൽ വീഴുന്ന - വീണുകിടക്കുന്ന മന്ന ശേഖരിക്കുക, ആത്മീയ വിശപ്പോടെ ഭക്ഷിക്കുക. പരിശുദ്ധാത്മാവാം ദൈവത്തിന്റെ സമൃദ്ധകൃപ നിനക്കതിനാവശ്യമായ ശക്തി തരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.